jaagrathayude **Keraleeyam**
2014 January
**Rs. 25/-**



# നാട്ടിൻപുറങ്ങളിലേക്ക് പുറപ്പെട്ട നാടകവണ്ടി

**പി.എ. അശോകൻ**

**തൃശൂരിനടുത്ത്** മനക്കൊടിയെന്ന ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ' സാധന സെന്റർ ഫോർ ക്രിയേറ്റീവ് പ്രാക്ടീസി'ന്റെ പ്രവർത്തകർ ഒരു ബസ്സുനിറയെ കലാകാരന്മാരുമായി, നാടകവും മറ്റു കലാപ്രവർത്തനങ്ങൾക്കുമായി കേരളത്തിലെ ഗ്രാമങ്ങളിലേക്ക് ഒരു യാത്രപുറപ്പെട്ടിരിക്കുന്നു. സ്കൂൾ ഓഫ് ഡ്രാമയിലെ പഠനം കഴിഞ്ഞ്, പത്തുവർഷത്തോളം ചിലിയിലെ നാടകസംഘത്തിനൊപ്പം ലോകത്തിന്റെ പലഭാഗങ്ങളിലും നാടകങ്ങൾ അവതരിപ്പിക്കാൻ അവസരം ലഭിച്ച മാർട്ടിൻ ജോണിന്റെ നേതൃത്വത്തിലാണ് ഈ 'നാടക ബസ്സ്' യാത്രതുടങ്ങിയിരിക്കുന്നത്.

"കാഴ്ചയുടെ, കേൾവിയുടെ, ആസ്വാദനത്തിന്റെ പൂക്കൾക്ക് പുതിയ വർണ്ണങ്ങൾ.... മികച്ച ചിത്ര-ശില്പ പ്രദർശനങ്ങൾ, നാടകപരിചയ പരിശീലന പരിപാടി, ഊരാളി പാട്ടു സംഘത്തിന്റെ പാട്ടുകൾ..." ഒരു ഗ്രാമത്തിലെത്തുന്ന ഈ സംഘം അവിടെ കൂടുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് പങ്കെടുക്കാവുന്ന കലാപരിശീലന കളരികൾ നടത്തിക്കൊണ്ട് പരിപാടികൾക്ക് തുടക്കമിടും. തുടർന്ന്, സന്ധ്യയ്ക്ക് ഇരുൾ പരക്കുന്നതോടെ 'ഓടിച്ചോടിച്ച്' എന്ന ബസ്സ് നാടകത്തിന്റെ അവതരണത്തോടെ അവസാനിക്കുന്ന ഒരു മുഴുദിവസ 'കലാ കാർണിവലി'ന് ആ ഗ്രാമത്തിൽ ജീവൻ നൽകും.

'ആട്ടവും പാട്ടും കഥകളും കളികളും കളിമണ്ണും ചിത്രം വരയും കുത്തിനിറച്ചെത്തുന്ന' ഈ 'നാടകബസ്സ്' ഗ്രാമത്തിലെ മൈതാനത്ത് തമ്പടിക്കുന്നു. അവിടെ ഒത്തുകൂടുന്നവരെയെല്ലാം ഉൾപ്പെടുത്തി, ഓരോരുത്തരുടെയും അഭിരുചിക്കനുസരിച്ചുള്ള തീയറ്റർ വ്യായാമങ്ങൾ, പാട്ടുകൾ, ചിത്രം വര, കളിമണ്ണുകൊണ്ടുള്ള ശില്പനിർമ്മാണം എന്നിവ പരിശീലിപ്പിക്കുന്നു. ഓരോ വിഭാഗത്തിലേയും പരിചയസമ്പന്നർ ഈ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുന്നു. നാട്ടിലെ കുട്ടികൾ ഒരു ദിവസം വീടുവിട്ട് ഈ സംഘത്തോടൊപ്പം കളിച്ച് രസിച്ച് ഭക്ഷണം പങ്കിട്ട് ഉല്ലസിക്കുന്നു. നാടക സംഘത്തിലുള്ള കലാകാരന്മാരുടെ ചിത്രങ്ങളും ശില്പങ്ങളും പ്രദർശിപ്പിക്കുന്ന സ്റ്റാളുകളും മൈതാനത്ത് ഒരുക്കിയിട്ടുണ്ടാകും. കുട്ടികളോടൊത്തുള്ള പരിപാടികൾക്കുശേഷം ഓടിച്ചെത്തിയ ബസ്സുതന്നെ വേദിയാക്കി, ബസ്സ് ഒരു കഥാപാത്രമാകുന്ന നാടകം അവതരിപ്പിക്കുന്നു.

ബസ്സാണ് കേന്ദ്രവേദിയെങ്കിലും കാണികൾക്കിടയിലേക്ക് വേദി വികസിക്കുന്നു. ഒരു ഭാഗം തുറന്ന ബസ്സ് പ്രധാന വേദിയാകുമ്പോഴും, ബസ്സിന് മുൻഭാഗത്തെ മൺതറയും, ബസ്സിന്റെ മുകൾ തട്ടും അഭിനേതാക്കൾ വേദിയുടെ ഭാഗമാക്കിമാറ്റുന്നു. വേദിക്ക് മുന്നിൽ, കാണികളുടെ ഇടയിലിരുന്ന് സംഗീത സംഘം നാടകത്തിന് പശ്ചാത്തലം പകരുന്ന കാഴ്ച വളരെ പുതുമയുള്ളതാണ്. പ്രകാശവിതാനത്തിന്റെ സൂക്ഷ്മമായ പ്രയോഗത്തിലൂടെ നാടകം കൂടുതൽ വർണ്ണാഭമാകുന്നു.

വളരെയധികം കഥാപാത്രങ്ങളുള്ള ഈ നാടകത്തിൽ, ഒരു കലാകാരൻ തന്നെ അനവധികഥാപാത്രങ്ങളെ വേദിയിലെത്തിക്കുന്നുവെന്നത് സവിശേഷതയ്ക്കപ്പുറം അവരുടെ വൈവിധ്യമാർന്ന അഭിനയ മികവിനെ കാണികൾക്ക് അനുവഭിക്കാനുള്ള അവസരം കൂടി സംജാതമാക്കുന്നു. വിശാലമായ മൈതാനത്ത് അരങ്ങേറുന്ന നാടകത്തിന്റെ ശബ്ദക്രമീകരണം സൂക്ഷ്മവും സാങ്കേതിക തികവുള്ളതുമാക്കാൻ നാടക സംഘം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

ഒരു ഗ്രാമത്തിലെ വ്യത്യസ്ഥ സാഹചര്യങ്ങളിലുള്ള കുറച്ചുപേർ, ആ ഗ്രാമത്തിൽനിന്നും പുറപ്പെടുന്ന ഒരു ബസ്സിൽ യാത്രികരായെത്തുന്നു. പുറപ്പെട്ട ബസ്സ് അധികം വൈകാതെ ബ്രേക്ക് നഷ്ടപ്പെട്ട് ഒരു കൊക്കയിലേക്ക് മറിയുന്നു. ഭയാനകമായ അന്തരീക്ഷത്തിന് നടുവിലെ കൊക്കയിൽ നിന്ന് രക്ഷപ്പെടാനോ ഒരു തുള്ളി വെള്ളം കുടിക്കാനോ കഴിയാതെ കുടുങ്ങി പോകുന്നവരുടെ ദുരിതജീവിതവും, പുറത്ത് ബസ്സ് അപകടത്തിൽപ്പെട്ടത് ആഘോഷിക്കുന്നവരുടെ പ്രവൃത്തികളും ചിത്രീകരിക്കുന്നതാണ് ഈ നാടകത്തിന്റെ ഇതിവൃത്തം. ഇരകളുടെ ദുരിതാവസ്ഥകൾ പരിഗണിക്കാതെ, ദുരന്തങ്ങളെ ആഘോഷമാക്കി 'വികസിക്കുന്നവരും' നിസ്സഹായതകളോട് പൊരുതി അതിജീവിക്കുന്നവരുമാണ് ഈ നാടകത്തിന്റെ ജീവൻ. ഗ്രാമത്തിന്റെ തെളിമയും, പച്ചപ്പും കാത്തുസൂക്ഷിക്കുവാൻ കൈകോർക്കുന്ന ഗ്രാമവാസികളും ഗ്രാമത്തിന്റെ തനതുകളെ ഊറ്റിയെടുത്ത് അർമാദിക്കുന്ന നഗരജീവികളും തമ്മിലുള്ള വൈരുദ്ധ്യം നാടകം ഹൃദ്യമായി അനുഭവപ്പെടുത്തുന്നു.

വിഷയത്തിന് അനുയോജ്യമായ രംഗഭാഷ ചമച്ചതിലൂടെ നാടകത്തെ തീർത്തും ജനകീയമാക്കിയിരിക്കുകയാണ് ഇവർ. ഗ്രാമങ്ങളിലൂടെ യാത്ര ചെയ്യുന്ന ഈ ബസ്സ് നാടകം, സാധാരണക്കാരായ കാണികളുടെ ആസ്വാദ്യതലങ്ങളെ പൂർണ്ണാർത്ഥത്തിൽ അഭിസംബോധന ചെയ്തുകൊണ്ടാണ് ഇതിവൃത്തവും രംഗഭാഷയും വാർത്തെടുത്തിരിക്കുന്നത്.

*ബന്ധങ്ങൾക്ക്: മാർട്ടിൻ ജോൺ, 9544010273.*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 21. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com